# OLASSA
# ST. JOHN'S CHURCH



ഒളശ്ശ സെന്റ് ജോൺസ് യാക്കോബായ സുറിയാനിപള്ളി സ്ഥാപിതമായിട്ട് 2007 – ൽ 103 വർഷം തികയുകയാണ്. കോട്ടയം ചെറിയപള്ളി ഇടവകക്കാരായിരുന്ന ഈ പള്ളിയിലെ പൂർവ്വികർ ആരാധനാ സൗകര്യാർത്ഥം അയ്മനം കല്ലുങ്കത്രപള്ളി ഇടവകക്കാരായി. പിന്നീട് ഒളശ്ശ – പരിപ്പ് കരകളിലെ പൂർവ്വികർ ഒരുമിച്ചു കൂടി ഒളശ്ശയിൽ ഒരു പള്ളി പണിയുന്നതിനെക്കുറിച്ച് ആലോചിക്കുകയും ഒരു പള്ളി പണിയുവാൻ തീരുമാനിക്കുകയും ചെയ്തു. ഈ ആലോചനയിൽ പങ്കാളി ആയിരുന്ന ചിറയിൽ കുടുകയിൽ ശ്രീ. മത്തായി പോത്തൻ പള്ളി വയ്ക്കുന്നതിലേക്ക് 30 സെന്റ് സ്ഥലം ദാനമായി വാഗ്ദാനം ചെയ്യുകയും ചെയ്തു. തുടർന്ന് ഇടവക മെത്രാപ്പോലീത്തായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും അനുമതി സമ്പാദിച്ചു. ഏറെ താമസിയാതെ പള്ളിവയ്ക്കുവാൻ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവും സമ്പാദിച്ച ശേഷം ആ 30 സെന്റ് സ്ഥലത്ത് എല്ലാവരുടെയും ഒത്തൊരുമയുടെയും പരിശ്രമത്തിന്റെയും ഫലമായി പള്ളിപണി പൂർത്തിയാക്കി. ഇടവക മെത്രാപ്പോലീത്തായുടെ കൽപ്പനപ്രകാരം 1904 ആഗസ്റ്റ് മാസം 2–ാം തീയതി കൊച്ചുപറമ്പിൽ അഭിവന്ദ്യ പൗലോസ് മോർ കൂറിലോസ് മെത്രാപ്പോലീത്താ ഈ ദേവാലയം വി. യൂഹാനോൻ ശ്ലീഹായുടെ നാമത്തിൽ കൂദാശ ചെയ്ത് ദിവ്യബലി അർപ്പിച്ചു. പിന്നീട് 1928 മുതൽ ഇടവക വികാരിയായിരുന്ന പാമ്പാടിത്തറ ബഹു. തോമസ് കത്തനാരുടെ കാലത്താണ് പള്ളിയുടെ പുറമേ പുതിയ പള്ളിയുടെ പണി ആരംഭിച്ചതും പണി പൂർത്തീകരിച്ചതും. പുതുക്കിപ്പണിത ദേവാലയം അന്നത്തെ ഇടവക മെത്രാപ്പോലീത്ത നി.വ.ദി.മ.ശ്രീ. മിഖായേൽ മാർ ദീവന്നാസ്യോസ് തിരുമനസ്സുകൊണ്ട് കൂദാശ ചെയ്ത് ദിവ്യബലി അർപ്പിച്ചു. പ്രധാന ത്രോണോസ് വി. യൂഹാനോൻ ശ്ലീഹായുടെ നാമത്തിലും താഴെ ഇടതുവശത്തെ ത്രോണോസ് പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിലും വലതുവശത്തെ ത്രോണോസ് മാർ ഇഗ്നാത്തിയോസ് നൂറോനോയുടെ നാമത്തിലുമാണ് കൂദാശ ചെയ്യപ്പെട്ടിരിക്കുന്നത്.

പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽ മാത്രം വിധേയപ്പെട്ടുപോരുന്ന കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താമാരാൽ നിയമിക്കപ്പെട്ടുവരുന്ന ബഹു. വൈദികരാൽ ഈ ദേവാലയത്തിലെ ആത്മീയ ശുശ്രൂഷകൾ നടത്തിവരുന്നു. ഇപ്പോൾ ഈ പള്ളിയിൽ 150–ൽപരം ഇടവകക്കാരുണ്ട്. നിയമാനുസൃതമായ ഒരു ഭരണനടപടിക്രമം നിലവിൽ ഉണ്ട്. റവ. ഫാ. ജേക്കബ് മാത്യു കോമടത്തുശേരിൽ ഈ ഇടവകാംഗമാ

ണ്. ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനായിരുന്ന നി.വ.ദി.മ.മ.ശ്രീ. മോറാൻ മോർ ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ 1964–ലും ഇപ്പോൾ പരിശുദ്ധ സിംഹാസനത്തിൽ ഭാഗ്യമോടെ വാണരുളുന്ന നി.വ.ദി.മ.മ.ശ്രീ. മോറാൻ മോർ ഇഗ്നാത്തിയോസ് സഖാപ്രഥമൻ പാത്രിയർക്കീസ് ബാവാ 1982–ലും ഈ പള്ളിയിൽ എഴുന്നള്ളി ഈ ഇടവകയെ അനുഗ്രഹിച്ചിട്ടുണ്ട്. അന്ത്യോഖ്യാ പ്രതിനിധി അഭിവന്ദ്യ അപ്രേം മോർ തീമോത്തിയോസ് ആബൂദി മെത്രാപ്പോലീത്ത 1970–ൽ ഈ പള്ളിയിൽ എഴുന്നള്ളി ആശുപത്രി കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. പള്ളിയുടെ ശതാബ്ദിവർഷമായ 2004–ൽ ലബനോനിലെ ആർച്ച് ബിഷപ്പ് അഭിവന്ദ്യ മോർ തെയോഫീലോസ് ജോർജ്ജ് സ്ലീബാ മെത്രാപ്പോലീത്ത 40 പേരോളം വരുന്ന ഒരു വിദേശ പ്രതിനിധി സംഘത്തോടൊപ്പം ഈ പള്ളിയിൽ എഴുന്നള്ളി വരികയും വി. കുർബ്ബാന അർപ്പിക്കുകയും പുതുതായി പണിതു ചേർത്ത നാടകശാലയുടെ കൂദാശ നിർവ്വഹിക്കുകയും ചെയ്തു. പള്ളിയുടെ ആഭിമുഖ്യത്തിൽ 12–ാം ക്ലാസ്സ്വരെയുള്ള സൺഡേ സ്കൂൾ, മർത്തമറിയം വനിതാസമാജം, യൂത്ത് അസോസിയേഷൻ, ഹെയിൽ മേരിലീഗ്, ഗായകസംഘം എന്നിവ സജീവമായി പ്രവർത്തിച്ചു വരുന്നു.

പള്ളിക്ക് ഇപ്പോഴുള്ള രണ്ടര ഏക്കറിൽ 30 സെന്റ് ദാനമായി കിട്ടിയതൊഴിച്ച് ബാക്കിയുള്ളവ കാലാകാലങ്ങളിൽ വിലയ്ക്ക് വാങ്ങിയിട്ടുള്ളതാണ്. വി. ഗീവർഗീസ് സഹദായുടെയും വി. തോമ്മാശ്ലീഹായുടെയും വി. ദൈവമാതാവിന്റെയും നാമങ്ങളിൽ മൂന്ന് കുരിശിൻതൊട്ടികൾ ഉണ്ട്. ബസേലിയോസ് പൗലൂസ് ദ്വിതീയൻ കാതോലിക്കോസ് പാരീഷ് ഹാൾ, സെന്റിനറിഹാൾ, സമീപകാലത്ത് പണികഴിപ്പിച്ച മിഖായേൽ മാർ ദീവന്നാസ്യോസ് മെമ്മോറിയൽ പാഴ്സനേജ്, 1970 മുതൽ പ്രവർത്തിച്ചുവരുന്ന സെന്റ് ജോൺസ് ആശുപത്രി എന്നിവയെല്ലാം പള്ളിയുടെ മുതൽക്കൂട്ടാണ്.

വി. ഗീവർഗീസ് സഹദായുടെയും വി. യൂഹാനോൻ ശ്ലീഹായുടെയും പെരുനാളുകൾ യഥാക്രമം മേയ് 7, 8 തീയതികളിൽ ആഘോഷപൂർവ്വം കൊണ്ടാടി വരുന്നു. വി. ഗീവർഗീസ് സഹദായുടെ പെരുനാളായ മേയ് 7–ലെ നേർച്ചവിളമ്പിലേക്കായി മേയ് 6–ാം തീയതി വൈകുന്നേരം എല്ലാവർഷവും കോഴിവെട്ട് നടത്തപ്പെടുന്നു. എല്ലാ വർഷവും പള്ളിയിൽ നിന്ന് മഞ്ഞനിക്കര തീർത്ഥയാത്ര നടത്തപ്പെടുന്നു. പള്ളിയുടെ ശതാബ്ദി 2004 മേയ് മാസത്തിൽ ആഘോഷിക്കുകയും സ്മരണിക പ്രസിദ്ധീകരിക്കുകയും ചെയ്തു. ശതാബ്ദി ആഘോഷത്തിന് പരിശുദ്ധ പാത്രിയർക്കീസ് ബാവാ മോറാൻ മോർ ഇഗ്നാത്തിയോസ് സഖാപ്രഥമൻ തിരുമനസ്സുകൊണ്ട് അനുഗ്രഹ കൽപ്പന അയച്ചുതരികയും ചെയ്തിട്ടുള്ളതാകുന്നു.
ഓരോ വർഷവും വാർഷിക പൊതുയോഗത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന മാനേജിംഗ് കമ്മറ്റിയാണ് അടുത്ത ഒരു വർഷത്തെ ഭരണം നിർവ്വഹിച്ചു പോരുന്നത്. ഇപ്പോൾ റവ. ഫാ. ഷൈജു ജോസ് ചെന്നിക്കര വികാരി ആയി സേവനം അനുഷ്ഠിക്കുന്നു.

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org